## പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:57 09/03/2015 ൽ മറുപടിയ്ക്ക്.

# എൽ.ഡി.ടൈപ്പിസ്റ്റ് തസ്തിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി: | ശ്രീ. ഉമ്മൻചാണ്ടി (ബഹു.മുഖ്യമന്ത്രി) |
| (എ) സർക്കാർ വകുപ്പുകളിൽ മൂന്ന ക്ലാർക്കിന് ഒരു ടൈപ്പിസ്റ്റ് എന്ന അനുപാതം ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിൽ വരുത്തുന്നതിനും ഗ്രാമ പഞ്ചായത്തുകളിൽ അർഹമായ ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) ഗ്രാമ പഞ്ചായത്തുകളിൽ മൂന്ന ക്ലാർക്കിന് ഒരു ടൈപ്പിസ്റ്റ് എന്ന അനുപാതം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഗ്രാമ പഞ്ചായത്തുകളിൽ പുതുതായി ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച വരുന്നു. |
| (ബി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് കമ്പ്യൂട്ടർ പരിജ്ഞാനം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ പേരിൽ മോട്ടോർ വാഹന വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക വെട്ടിക്കുറച്ചിട്ടിട്ടുണ്ടോ: വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) ഇല്ല |

Sd/-

സെക്ഷൻ ഓഫീസർ